# Kerala Hotel & Restaurant Association
STATE COMMITTEE
2nd Floor, KHRA Bhavan, MG Road, Ernakulam, Ph: 0484-2366602

സംസ്ഥാനതലവാർത്ത

30.12.2021

## പ്രസ്സ് റിലീസ്

### ജി. ജയപാൽ സംസ്ഥാന പ്രസിഡന്റ് – കെ.എച്ച്.ആർ.എ.

ഹോട്ടലുകളിൽ തയ്യാറാക്കിയിട്ടുള്ള ഭക്ഷണപാനിയങ്ങളുടെ ജി.എസ്.ടി.യും, പാക്ക്ചെയ്ത ഭക്ഷണപാനിയങ്ങളുടെ ജി.എസ്.ടി.യും ഇകോമേഴ്സ് ഓപ്പറേറ്റർമാർതന്നെ നൽകുന്ന വിധത്തിൽ ജി.എസ്.ടി. നിയമത്തിൽ ഭേദഗതിവരുത്തണമെന്നും കേരള ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻ പ്രതിനിധി സമ്മേളനം സർക്കാരിനോടാവശ്യപ്പെട്ടു. പാചകവാതകത്തിന്റേയടക്കമുള്ള അവശ്യവസ്തുക്കളുടെ വില നിയന്ത്രിക്കണമെന്നും, സ്ട്രീറ്റ് വെന്റേഴ്സ് ആക്ട് നടപ്പിലാക്കി അനധികൃത ഭക്ഷണവ്യാപാരം അവസാനിപ്പിക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. എറണാകുളം ടൗൺഹാളിൽ നടന്ന പ്രതിനിധി സമ്മേളനം കൊച്ചി മേയർ എം. അനിൽകുമാർ ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് മൊയ്തീൻകുട്ടി ഹാജി അദ്ധ്യക്ഷത വഹിച്ചു. ജനറൽസെക്രട്ടറി സ്വാഗതവും ട്രഷറർ കെ. വി. ബാലകൃഷ്ണ പൊതുവാൾ നന്ദിയും രേഖപ്പെടുത്തി.

തുടർന്ന് അഡ്വ. അനൂപ് വി. നായർ റിട്ടേണിംഗ് ഓഫീസറായി നടന്ന അടുത്ത രണ്ടുവർഷത്തേക്കുള്ള ഭരണസമിതി തെരഞ്ഞെടുപ്പിൽ ജി. സുധീഷ്കുമാർ (തിരുവനന്തപുരം) രക്ഷാധികാരിയായും, ജി. ജയപാൽ (എറണാകുളം) പ്രസിഡന്റായും, കെ. പി. ബാലകൃഷ്ണ പൊതുവാൾ (കണ്ണൂർ) ജനറൽസെക്രട്ടറിയായും, എൻ. അബ്ദുൾ റസാഖ് (പാലക്കാട്) ട്രഷററായും തെരഞ്ഞെടുത്തു. വർക്കിംഗ് പ്രസിഡന്റുമാരായി സി. ബിജുലാൽ (തൃശൂർ), എം. എൻ. ബാബു (ഇടുക്കി), വൈസ് പ്രസിഡന്റുമാരായി പ്രസാദ് ആനന്ദഭവൻ (പത്തനംതിട്ട), പി. ആർ. ഉണ്ണികൃഷ്ണൻ (വയനാട്), മുഹമ്മദ് സുഹൈൽ ടി. വി.(കോഴിക്കോട്), കെ. എം. രാജ (പത്തനംതിട്ട), അസീസ് (എറണാകുളം), പി. പി. അബ്ദുറഹ്മാൻ (മലപ്പുറം), മുഹമ്മദ് ഷെരീഫ് (കോട്ടയം)എന്നിവരേയും സെക്രട്ടറിമാരായി വി. ടി. ഹരിഹരൻ (എറണാകുളം), റോയി ജെ. (ആലപ്പുഴ), ബി. ജയധരൻ നായർ (തിരുവനന്തപുരം), കെ. യു. നാസർ (എറണാകുളം), വീരഭദ്രൻ വി. (തിരുവനന്തപുരം), ടി. എസ്. ബാഹുലേയൻ (കൊല്ലം), എൻ. സുഗുണൻ (കോഴിക്കോട്), ഉണ്ണികൃഷ്ണൻ ഈച്ചരത്ത് (തൃശൂർ), മുഹമ്മദ് ഗസാലി (കാസർഗോട്), സ്കറിയ (മലപ്പുറം) എന്നിവരാണ് മറ്റു ഭാരവാഹികൾ.

**മൊയ്തീൻകുട്ടി ഹാജി**
പ്രസിഡന്റ്
9605400700

**ജി. ജയപാൽ**
ജനറൽ സെക്രട്ടറി
9544844446